ഗ്രാമപ്രദേശങ്ങളിലെ മണ്ണെണ്ണ ദൗർലഭ്യം പരിഹരിക്കാൻ നടപടി

* 23 [596] ശ്രീ. പി. ജയരാജൻ:
,, സാജു പോൾ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ മണ്ണെണ്ണയുടെ ദൗർലഭ്യം മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണെണ്ണയുടെ ദൗർലഭ്യത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മണ്ണെണ്ണയുടെ ദേശീയ ആളോഹരി ശരാശരി വിഹിതം കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ;

(ഡി) കേന്ദ്രത്തിൽനിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച മണ്ണെണ്ണ വിഹിതത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഇ) വിദ്യുച്ഛക്തി വകുപ്പിന്റെ ലോഡ് ഷെഡ്ഡിംഗ് നിലനിൽക്കുന്നതുൾപ്പെടെയുള്ള സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് വിഹിതം വർദ്ധിപ്പിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ് മന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് പ്രതിമാസം അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതം അടിക്കടി കുറയ്ക്കുന്നതിനാൽ ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമാക്കുവാൻ കഴിയുന്നില്ല.

(സി) കേന്ദ്രത്തിൽ നിന്നും ഇപ്പോൾ പ്രതിമാസം 2,4013 കിലോ ലിറ്റർ മണ്ണെണ്ണ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

(ഡി) വിവരം ചുവടെ ചേർക്കുന്നു:

1998-99	..	3,85,512	കിലോ ലിറ്റർ
1999-00	..	3,88,177	,,
2000-01	..	3,97,262	,,
2001-02	..	3,46,290	,,
2002-03	..	3,04,141	,,

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന പ്രതിമാസ മണ്ണെണ്ണ വിഹിതം യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ വളരെ കുറവായതിനാൽ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിച്ചു നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിർത്തലാക്കാൻ നടപടികൾ

* 24 [597] ശ്രീ. ജോണി നെല്ലൂർ:

„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ നിർത്തലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ച് സർക്കാരിന് വ്യക്തമായ കണക്കുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിൽ കേരളത്തിൽ പ്രവർത്തിക്കുന്ന അനധികൃത പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ വേണ്ടനിയമനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട വ്യവസ്ഥകൾ താഴെ ചേർക്കുന്നു:

1. പ്രസ്തുത നിയമം വകുപ്പ് 14 പ്രകാരം ലൈസൻസിംഗ് അതോറിറ്റിക്ക് ടി സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരമുണ്ട്.

2. നിയമം വകുപ്പ് 17 പ്രകാരം ലൈസൻസ് ഇല്ലാതെ മണി ലെൻഡിംഗ് ബിസിനസ് നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. മേൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് എതിരെ മൂന്നു മാസത്തിൽ കുറയാതെയും, മൂന്നു വർഷത്തിൽ കൂടാതെയും ഉള്ള തടവോ, 50,000 രൂപ പിഴയോ അല്ലെങ്കിൽ തടവും പിഴയും ചേർന്നുള്ള ശിക്ഷയോ നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly